## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടി

തീയതി, തിരുവനന്തപുരം, 12/09/2012

വിഷയം:- ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - അഡീഷണൽ ജില്ലാ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിണി ആഫീസർ തസ്തികയിൽ സ്ഥലംമാറ്റം / സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 05/06/2012 ലെ 1161 നമ്പർ പ്രകാരമുള്ള അസാധാരണ ഗസറ്റ്.

2) 26/02/2011 ലെ ജി.ഒ(പി) നമ്പർ.85/2011/ഫിൻ. നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ.ഇബി(6) 19669/2012/ഡിഇഎസ്**

ഈ വകുപ്പിൽ അഡീഷണൽ ജില്ലാ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിണി ആഫീസർ തസ്തികയിൽ താഴെ പറയുന്ന സ്ഥലംമാറ്റങ്ങൾ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീമതി.എം.വി.ലക്ഷ്മിക്കുട്ടി,<br>അഡീഷണൽ ജില്ലാ ആഫീസർ<br>(എസ്.ആർ.എസ്),<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, എറണാകുളം<br>(അപേക്ഷ പ്രകാരം) | അഡീഷണൽ ജില്ലാ ആഫീസർ<br>(എസ്.ആർ.എസ്),<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, കോട്ടയം<br>(ശ്രീ.ജോൺ.സി.ജെയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയ ഒഴിവ്) |
| 2 | ശ്രീ.കെ.രാധാകൃഷ്ണൻ<br>അഡീഷണൽ ജില്ലാ ആഫീസർ<br>(റ്റി.ആർ.എസ്),<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, കൊല്ലം<br>(അപേക്ഷ പ്രകാരം) | അഡീഷണൽ ജില്ലാ ആഫീസർ<br>(എസ്.ആർ.എസ്),<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, എറണാകുളം<br>(ശ്രീമതി.എം.വി.ലക്ഷ്മിക്കുട്ടിയ്ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവ്) |

സ്ഥലംമാറ്റപ്പെട്ടവരിൽ ഒരേ സ്റ്റേഷനിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കാത്തവർക്ക് അവരുടെ അപേക്ഷപ്രകാരമുള്ള മാറ്റമാകയാൽ യാത്രാപ്പടിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിയമാനുസൃതമായ പ്രവേശനകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

പരാമർശം (1) പ്രകാരം അഡീഷണൽ ജില്ലാ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിണി ആഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് സെലക്ട് ലിസ്റ്റിൽ നിലവിൽ സീനിയറായ രണ്ട് ഉദ്യോഗസ്ഥർക്ക് 19240-500-21240-560-24040-620-27140-680-29860-750-32860-820-34500 രൂപാ ശമ്പള സ്കെയിലിൽ അഡീഷണൽ ജില്ലാ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിണി ആഫീസർ തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീ.എം.കെ.സഹജൻ<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്,<br>ചങ്ങനാശ്ശേരി | അഡീഷണൽ ജില്ലാ ആഫീസർ (റ്റി.ആർ.എസ്),<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, കാസർഗോഡ്<br>(ശ്രീ.കുഞ്ഞികൃഷ്ണൻ.പി.വി യ്ക്ക് ഉദ്യോഗക്കയറ്റം നൽകിയ ഒഴിവ്) |
| 2 | ശ്രീ.സി.മോഹനൻ<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്,<br>അടൂർ | അഡീഷണൽ ജില്ലാ ആഫീസർ (റ്റി.ആർ.എസ്),<br>ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, കൊല്ലം<br>(ശ്രീ.കെ.രാധാകൃഷ്ണന് സ്ഥലംമാറ്റം നൽകിയ ഒഴിവ്) |

ഉദ്യോഗക്കയറ്റം ലഭിച്ചവർ ഉദ്യോഗക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട ഓപ്ഷൻ പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 41 പ്രകാരം ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ആഫീസ് മേധാവികൾ ഉദ്യോഗക്കയറ്റം വഴി നിയമനം നൽകിയിട്ടുള്ള ജീവനക്കാരെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിലോ, പകരം ജീവനക്കാർ ജോലിക്ക് ഹാജരാകുകയോ ഏതാണോ ആദ്യം എന്ന മുറക്ക് വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ ജീവനക്കാരെ വിടുതൽ ചെയ്യുന്നതും / ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

**ഒപ്പ്**
**വി.രാമചന്ദ്രൻ**
**ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയന്ത്രണാധികാരി മുഖേന)
പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ), കേരള തിരുവനന്തപുരം (ആമുഖകത്ത് സഹിതം).
2) പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം).
3) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, കൊല്ലം / എറണാകുളം / കാസർഗോഡ് / പത്തനംതിട്ട / കോട്ടയം
4) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്).
5) ബന്ധപ്പെട്ട ട്രഷറി ആഫീസർക്ക്.
6) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്കും / സി.എ. മാർക്കും.
7) ഇ.എ(2) / ഗ്രഡേഷൻ സെൽ / അക്കൗണ്ട്സ്.
8) ഫയൽ / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

PM 12 09